ഇന്ന് ലോക വനദിനം
21 മാർച്ച് 2017 ചൊവ്വ
1192 മീനം 07
തിരുവനന്തപുരം
# കേരള കൗമുദി
SINCE 1911
FOUNDER EDITOR: K. SUKUMARAN B.A
106 വർഷങ്ങൾ 4 തലമുറകൾ
14 പേജ് ₹ 6.50
THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BANGALORE www.keralakaumudi.com www.facebook.com/keralakaumudi

# തണുത്ത വെളുപ്പാൻകാലത്ത് തനിയെ മോഹൻലാൽ


മോഹൻലാൽ ഇന്നലെ പുലർച്ചെ സൈക്കിളിൽ തിരുവനന്തപുരം നഗരത്തിലെ മാധവരായർ പ്രതിമയ്ക്ക് വലംവയ്ക്കുന്നു

▸ജിതേഷ്ദാമോദർ

തിരുവനന്തപുരം: നഗരത്തിൽ തലേന്ന് പെയ്ത മഴയിൽ തണുത്തു കിടക്കുന്ന വെളുപ്പാൻ കാലം. വെള്ളയുടുപ്പും വെള്ളിക്കരയുള്ള മുണ്ടുമുടുത്ത് ഒരൊത്ത പുരുഷൻ സൈക്കിളിൽ സ്റ്റാച്യുവിലെ മാധവരായരുടെ പ്രതിമ ചുറ്റി എം.ജി റോഡിലൂടെ വടക്കോട്ട് പോകുന്നു. സി.വി. രാമൻ പിള്ളയുടെ ചരിത്രനോവലുകളിൽ നിന്നൊക്കെ ഇറങ്ങിവന്ന ഒരു കഥാപാത്രത്തെപ്പോലെ തോന്നിപ്പിക്കുന്ന രൂപം.

മലയാളികൾക്ക് മറക്കാനാവാത്ത പരശതം കഥാപാത്രങ്ങളെ അവതരിപ്പിച്ച ഇനിയും അവതരിപ്പിക്കാനിരിക്കുന്ന പ്രിയതാരം മോഹൻലാൽ ആണത്. വെളുപ്പിന് 4.30 ആയതിനാൽ അധികമാരും നടനെ തിരിച്ചറിയുന്നില്ല. ഹ്രസ്വമെങ്കിലും ഈ യാത്രയ്ക്ക് ഒരു ലക്ഷ്യമുണ്ട്. അടുത്തുള്ള ഇന്ത്യൻ കോഫി ഹൗസ് വരെ പോകണം. പണ്ട് കോഫി ഹൗസ് യാത്ര മോഹൻലാലിന് നിത്യവും ഉള്ള ഒരു സൈക്കിൾ യജ്ഞമായിരുന്നു. സൈക്കിളിലും ബസിലും സ്കൂട്ടറിലും മറ്റുമായി അവർ ഒരുകൂട്ടം കൂട്ടുകാർ അവിടെ കൂട്ടം കൂടിയിരുന്നാണ് പകൽ സ്വപ്നങ്ങൾ കണ്ടിരുന്നത്.

പഴയകാല ജീവിത വഴിയിലൂടെ തിരുവനന്തപുരം സെക്രട്ടേറിയറ്റിന് മുന്നിൽ സൈക്കിളോടിച്ചപ്പോൾ ദീർഘനാളായി മോഹൻലാലിന്റെ മനസിൽ അടക്കി വച്ച ഒരാഗ്രഹമാണ് നടപ്പിലായത്. തിരുവനന്തപുരത്തെ ഷൂട്ടിംഗിനു ശേഷം എറണാകുളത്തേക്ക് വിമാനത്തിൽ തിരിച്ചുപോകുന്നതിന് അല്പം മുമ്പാണ് നഗരത്തിലൂടെ സൈക്കിളോടിച്ചത്. 4.30ന് മാധവരായർ പ്രതിമയെ ഒന്ന് വലം വച്ച് പഴയ കോഫി ഹൗസ് വരെ സൈക്കിളിൽ മെല്ലെ യാത്ര ചെയ്തു. അതിരാവിലെ നടക്കാനിറങ്ങിയവരും പത്രവിതരണക്കാരും അപ്രതീക്ഷിതമായി മോഹൻലാലിനെ കണ്ട് അദ്ഭുതപ്പെട്ടു നിന്നു.

അവർക്കൊക്കെ ചെറിയ ചിരി നൽകി അദ്ദേഹം മുന്നോട്ട് ചവിട്ടി. കോഫി ഹൗസിന് മുന്നിൽ കുറച്ച് സമയം ചെലവഴിച്ചു. അന്നത്തെ കുസൃതികൾ കൂടെയുണ്ടായിരുന്ന സുഹൃത്ത് എം.ബി. സനിൽകുമാറുമായി പങ്കുവച്ചു. അന്ന് സ്വന്തം സ്കൂട്ടറിലും ചിലപ്പോൾ കൂട്ടുകാരുടെ സൈക്കിളിന്റെ പിറകിലും മുൻപിലുമായാണ് വീട്ടിലേക്ക് പാതിരാത്രിയിൽ തിരിച്ചുപോകുന്നത്. റോഡിൽ ഒച്ചയും ബഹളവുമുണ്ടാക്കി ആഘോഷത്തോടെയാണ് തിരിച്ചു പോക്കെന്ന് പറഞ്ഞ് ലാൽ ചിരിച്ചു. പിന്നെ കോഫി ഹൗസിന് മുന്നിലൂടെ സൈക്കിൾ തള്ളിക്കൊണ്ട് നടന്നു. 5 മണിക്ക് പിരിഞ്ഞു. മോഹൻലാലിന് നഗരത്തിലൂടെ സൈക്കിൾ ചവിട്ടണമെന്ന് ഏതോ ഒരു സുഹൃദ് സംഗമത്തിൽ പറഞ്ഞതിന്റെ ഓർമ്മകൾ വച്ചാണ് സനിൽകുമാർ ഈ ഒരു ദൗത്യം ഏറ്റെടുത്തത്. മോഹൻലാലിന്റെ കൂടെ സൈക്കിളിൽ യാത്ര ചെയ്യാനുള്ള ഒരുക്കങ്ങൾ നടത്തികൊണ്ട് ലിജു, സജീവ് സോമൻ, ബിജീഷ്, മുരളി എന്നിവരും ഒപ്പമുണ്ടായിരുന്നു. കുറേ ദിവസങ്ങളായി ബി. ഉണ്ണിക്കൃഷ്ണൻ സംവിധാനം ചെയ്യുന്ന സിനിമയുടെ ചിത്രീകരണം ഇവിടെ നടക്കുകയായിരുന്നു. കുറച്ച് വർഷം മുൻപ് മറ്റൊരു സിനിമയുടെ ചിത്രീകരണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് ലാൽ എത്തിയപ്പോൾ ഈ ആഗ്രഹം നടപ്പിലാക്കാൻ പറ്റിയിരുന്നില്ല. ഇപ്രാവശ്യം സഫലമായി ആ യാത്ര.



ഇന്ത്യൻ കോഫി ഹൗസിന് മുന്നിൽ ഇത്തിരിനേരം

ചിത്രങ്ങൾ: ജിതേഷ് ദാമോദർ


KAUMUDI EXCLUSIVE
എം.ജി റോഡിലൂടെ മുന്നോട്ട്

Catholic Syrian Bank
ഗോൾഡ് ലോൺ
ഗ്രാമിന് ₹2,000 വരെ*
ആകർഷകമായ നിരക്കുകൾ
08111 999 879 (Missed Call)
*T&C apply. Loans at the discretion of the bank. www.csb.co.in

## ഒറ്റനോട്ടം



ശിക്ഷിക്കപ്പെട്ട നേതാക്കൾക്ക് ആജീവനാന്ത വിലക്ക് വേണം
പേജ് 09


ഗുരുവായൂർ മാതൃകയിൽ ബോർഡിന് രൂപം നൽകാം
പേജ് 07


മണിപ്പൂരിൽ ബിരേൻ വിശ്വാസവോട്ട് നേടി
പേജ് 09

## തലവര

വനം നശിക്കുന്നതിൽ കുഴപ്പമില്ല, വൈദ്യുതിയാണ് പ്രധാനം: എം.എം. മണി



നാട്ടിൽ പ്രഭുക്കളെ കണ്ടാലറിയാത്ത കാട്ടിൽ കിടക്കുന്ന മുളിക്കരങ്ങുകൾ നശിക്കട്ടെ

## കോളേജ് വിദ്യാർത്ഥിക്ക് ഇടിമുറിയിൽ മർദ്ദനം

# കൃഷ്ണദാസ് അകത്തായി

## നിയമോപദേശക ഉൾപ്പെടെ മറ്റ് 4പേരും അറസ്റ്റിൽ

▸സ്വന്തം ലേഖകൻ

തൃശൂർ: ഒറ്റപ്പാലം ലക്കിടി നെഹ്റു ലാ കോളേജ് വിദ്യാർത്ഥി ഷഹീർ ഷൗക്കത്തിനെ (22) ഇടിമുറിയിൽ കയറ്റി ക്രൂരമായി മർദ്ദിക്കുകയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്ത കേസിൽ കോളേജ് ചെയർമാൻ പി. കൃഷ്ണദാസ് ഉൾപ്പെടെ അഞ്ചുപേരെ തൃശൂർ റൂറൽ എസ്.പി അറസ്റ്റ് ചെയ്തു. കൊലപാതകശ്രമം, അന്യായമായി തടങ്കലിൽ വച്ച് ഭീഷണിപ്പെടുത്തൽ, ദേഹോപദ്രവമേല്പിക്കൽ തുടങ്ങിയ ജാമ്യമില്ലാ വകുപ്പുകൾ ഉൾപ്പെടെ ഇവർക്കെതിരെ ചുമത്തിയിട്ടുണ്ട്. ലാ കോളേജ് നിയമോപദേശക സുചിത്ര, അഡ്മിനിസ്ട്രേറ്റീവ് എക്സിക്യൂട്ടീവ് വത്സലകുമാരൻ, ലക്കിടി ജവഹർലാൽ കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് മാനേജർ സുകുമാരൻ, ഫിസിക്കൽ ട്രെയിനർ ഗോവിന്ദൻകുട്ടി എന്നിവരാണ് അറസ്റ്റിലായത്.


പി. കൃഷ്ണദാസ്


നിയമോപദേശക സുചിത്ര

ഇന്നലെ രാവിലെ കൃഷ്ണദാസിനെ പട്ടാമ്പിയിൽ നിന്നും മറ്റുള്ളവരെ അതത് കോളേജുകളിൽ നിന്നുമാണ് പൊലീസ് കസ്റ്റഡിയിലെടുത്തത്. എരുമപ്പെട്ടി സ്റ്റേഷനിൽ റൂറൽ എസ്.പി എൻ. വിജയകുമാർ ഇവരെ ചോദ്യം ചെയ്ത ശേഷമാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. കേസിലെ രണ്ടാം പ്രതിയും നെഹ്റു കോളേജ് പി.ആർ.ഒയുമായ സഞ്ജിത്ത് വിശ്വനാഥൻ, നാലാം പ്രതി ലക്കിടി കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് മാനേജർ ശ്രീനിവാസൻ എന്നിവർ ഒളിവിലാണ്.

കോളേജിന്റെ അനധികൃത പണപ്പിരിവ് ചോദ്യംചെയ്തതിന് കൃഷ്ണദാസ് മർദ്ദിച്ചെന്നും നിർബന്ധിച്ച് പരാതി പിൻവലിപ്പിച്ചെന്നും രക്ഷിതാവിനെ ഭീഷണിപ്പെടുത്തിയെന്നും ഷഹീർ നൽകിയ പരാതിയിൽ നേരത്തേ പഴയന്നൂർ പൊലീസ് കേസെടുത്തിരുന്നു.

### "തലയിൽ ഷൂസുകൊണ്ട് ചവിട്ടി"

**ഷഹീറിന്റെ പരാതി ഇങ്ങനെ:**

ജിഷ്ണു പ്രണോയ് മരിക്കുന്നതിന് രണ്ടു ദിവസം മുമ്പ് ജനുവരി മൂന്നിനായിരുന്നു സംഭവം. തൊട്ടതിനും പിടിച്ചതിനുമെല്ലാം ഫൈൻ ഈടാക്കുന്നതിനെതിരെ കഴിഞ്ഞ ഒക്ടോബറിൽ സുതാര്യ കേരളത്തിലേക്ക് ഉൾപ്പെടെ ആറു പരാതികൾ ഞാൻ അയച്ചിരുന്നു. കഴിഞ്ഞ ക്രിസ്മസ് വെക്കേഷന് ചെയർമാൻ കൃഷ്ണദാസ് എന്നെ കോളേജിലേക്ക് വിളിപ്പിച്ചു. അവധിയായതിനാൽ പോയില്ല.

ജനുവരി മൂന്നിന് കോളേജ് തുറന്ന ദിവസം പാമ്പാടി കോളേജിലേക്ക് ഓട്ടോയിൽ കയറ്റി എന്നെ കൊണ്ടുപോയി. ചെയർമാന് സംസാരിക്കാനുണ്ടെന്നായിരുന്നു അറിയിപ്പ്. കോളേജിൽ കൃഷ്ണദാസും സഞ്ജിത്തും മറ്റും കാത്തുനില്പുണ്ടായിരുന്നു. ഇവർ മുറിയിലേക്ക് കൊണ്ടുപോയി പറയുന്ന പേപ്പറിൽ ഒപ്പിട്ടു തന്നില്ലെങ്കിൽ പുറത്തുപോകില്ലെന്ന് ഭീഷണിപ്പെടുത്തി. മർദ്ദനം ആരംഭിച്ചതോടെ ഒപ്പിട്ടു കൊടുത്തു. തെറ്റിദ്ധരിക്കപ്പെട്ടാണ് പരാതി അയച്ചതെന്നും പരാതിയില്ലെന്നും എഴുതിയ പേപ്പറിലാണ് ആദ്യം ഒപ്പിട്ടത്. ടി.സി വാങ്ങിപ്പോകുന്നതായി അപേക്ഷയും എഴുതി ഒപ്പിട്ട് വാങ്ങി. റാഗിംഗ് നടത്തിയെന്ന ഒന്നാംവർഷ വിദ്യാർത്ഥികളുടെ വ്യാജ പരാതിക്ക് താഴെ ഒപ്പിടാൻ നിർബന്ധിച്ചു. ഇതുകൂടി ഒപ്പിട്ടില്ലെങ്കിൽ നീ പുറംലോകം കാണില്ലെന്നായിരുന്നു കൃഷ്ണദാസിന്റെ ഭീഷണി. പല തവണ ചെകിട്ടത്തടിച്ചു. മുട്ടുകാലു കൊണ്ട് വയറ്റത്ത് ഇടിച്ചു, നിലത്തു വീണപ്പോൾ തലയിൽ ഷൂസു കൊണ്ട് ചവിട്ടി. ജീവനോടെ പുറത്തുപോകാൻ കഴിയില്ലെന്ന് ഉറപ്പായതോടെ അവസാന പേപ്പറിലും ഒപ്പിട്ടു നൽകി.

പൊലീസിന് ഹൈക്കോടതിയുടെ മുന്നറിയിപ്പ്

## കോടതിയെ വിഡ്ഢികളാക്കിയാൽ എന്തു ചെയ്യണമെന്ന് അറിയാം

### ഹർജി ഇന്ന് പരിഗണിക്കും

കൊച്ചി: പാമ്പാടി നെഹ്റു കോളജ് ചെയർമാൻ പി. കൃഷ്ണദാസിനെ അറസ്റ്റ് ചെയ്തത് സംബന്ധിച്ച് പൊലീസിനെ ഹൈക്കോടതി രൂക്ഷമായി വിമർശിച്ചു. പരാതിക്കാരൻ പറയാത്ത കാര്യങ്ങൾ പൊലീസ് ചേർത്തത് ദുരുദ്ദേശ്യ ഹമാണ്. കോടതിയെ വിഡ്ഢികളാക്കുന്ന പൊലീസ് ഉദ്യോഗസ്ഥരെ എന്തു ചെയ്യണമെന്ന് അറിയാമെന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടു.

പരാതിക്കാരൻ ആദ്യം നൽകിയ മൊഴിയിലില്ലാത്ത കുറ്റങ്ങൾ പൊലീസ് എഴുതി ചേർത്തോയെന്ന് കോടതി ചോദിച്ചു. ജിഷ്ണുവിന്റെ മരണം സംബന്ധിച്ച കേസിൽ സാക്ഷിയായ ഷഹീറിനെ മർദ്ദിച്ചെന്ന കേസിൽ കൃഷ്ണദാസ് നൽകിയ മുൻകൂർ ജാമ്യ ഹർജി പരിഗണിച്ചപ്പോഴാണ് കോടതിയുടെ വിമർശനം.

മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ചശേഷം കൃഷ്ണദാസിനെ പൊലീസ് കസ്റ്റഡിയിലെടുത്തതായി അഭിഭാഷകൻ അറിയിച്ചു. പരാതിയിലും രഹസ്യമൊഴിയിലും പറയാത്ത കുറ്റങ്ങൾ പൊലീസ് എഴുതിച്ചേർത്തുവെന്നും അറിയിച്ചു. തുടർന്നായിരുന്നു കോടതിയുടെ വിമർശനം.

പരാതിയിൽ വിദ്യാർത്ഥികൾ പറയാത്ത തട്ടിക്കൊണ്ടുപോകൽ, പണാപഹരണം തുടങ്ങിയ വകുപ്പുകൾ ചേർത്തത് പൊലീസാണോയെന്ന് കോടതി ചോദിച്ചു. പരാതിക്കാരൻ മൊഴി നൽകാത്ത കാര്യങ്ങൾ ഉദ്യോഗസ്ഥൻ എഴുതുകയായിരുന്നോ. കോടതിയെ വിഡ്ഢിയാക്കാൻ ശ്രമിക്കുന്ന പൊലീസുകാരെ എന്തുചെയ്യണമെന്ന് അറിയാം. പൊതുജന താത്പര്യം നോക്കിയല്ല കേസ് അന്വേഷിക്കേണ്ടത്. കേസ് വ്യാജമെന്ന് തെളിഞ്ഞാൽ അന്വേഷണ ഉദ്യോഗസ്ഥൻ സർവീസിലുണ്ടാകില്ലെന്നും കോടതി വിശദീകരിച്ചു.

കോടതിയുടെ ആശങ്ക അന്വേഷണ ഉദ്യോഗസ്ഥനെ അറിയിക്കുമെന്ന് സർക്കാർ അഭിഭാഷകൻ പറഞ്ഞു. കേസ് ഡയറി ഉൾപ്പെടെ കേസ് സംബന്ധിച്ച രേഖകൾ ഇന്ന് ഹാജരാക്കണമെന്ന് കോടതി നിർദ്ദേശിച്ചു. ഹർജി ഇന്ന് രാവിലെ 10.15ന് പരിഗണിക്കാൻ മാറ്റി.

ഷഹീറിനെ മർദ്ദിച്ചത് ജിഷ്ണുവിനെ ശരിയാക്കിയ അതേ ഇടിമുറിയിൽ പേജ് 14

## ഒന്നിച്ചപ്പോൾ ഒറ്റയടിക്ക് 40 കോടി വരിക്കാർ

### ഐഡിയയും വൊഡാഫോണും ലയിച്ച് ഒന്നാമനാകും

ന്യൂഡൽഹി: ഇന്ത്യൻ ടെലികോം രംഗത്തെ മുൻനിര കമ്പനികളായ വൊഡാഫോണും ഐഡിയയും തമ്മിലെ ലയന നടപടികൾക്ക് തുടക്കമായി.


കുമാർ മംഗളം ബിർള

2018ൽ ലയനം പൂർത്തിയാകുന്നതോടെ 40 കോടി വരിക്കാരുമായി ഐഡിയ - വൊഡാഫോൺ കമ്പനി ഇന്ത്യയിലെ ഏറ്റവും വലിയ ടെലികോം കമ്പനിയായി മാറും. 27 കോടി വരിക്കാരുള്ള എയർടെലിനാണ് നിലവിൽ ഒന്നാം സ്ഥാനം. 20.5 കോടി വരിക്കാരുള്ള വൊഡാഫോൺ രണ്ടാംസ്ഥാനത്തും 19 കോടി വരിക്കാരുമായി ഐഡിയ മൂന്നാമതുമാണ്. ഐഡിയയുടെ പ്രൊമോട്ടർമാരായ ആദിത്യ ബിർള ഗ്രൂപ്പിന്റെ മേധാവി കുമാർ മംഗളം ബിർള ഐഡിയ - വൊഡാഫോൺ സംയുക്ത കമ്പനിയുടെ ചെയർമാനാകും. ഉപഭോക്താക്കൾക്ക് സൗജന്യ ഇന്റർനെറ്റും വോയിസ് കാളുകളും വാഗ്ദാനം ചെയ്ത് കൈയടി നേടിയ റിലയൻസ് ജിയോയുടെ കടന്നുവരവാണ് ഇന്ത്യൻ ടെലികോം രംഗത്ത് ലയനങ്ങൾക്ക് കളമൊരുക്കിയത്. എന്നാൽ, ഐഡിയ - വൊഡാഫോൺ സംയുക്ത കമ്പനി വരിക്കാരുടെ എണ്ണത്തിൽ മറ്റു കമ്പനികളെക്കാൾ ബഹുദൂരം മുന്നിലായതിനാൽ, നിലവിലെ നിരക്കിളവ് ട്രെൻഡിന് വൈകാതെ വിരാമമാകുമെന്ന വിലയിരുത്തലുണ്ട്.

(വിശദ വാർത്ത പേജ്: 4)

## സ്വന്തം സാറ്റലൈറ്റ് വിക്ഷേപിക്കാൻ മലയാളി വിദ്യാർത്ഥിക്ക് അവസരം

▸അരുൺ വി. ഗോപാൽ

തിരുവനന്തപുരം: സ്വന്തമായി വികസിപ്പിച്ചെടുത്ത സാറ്റലൈറ്റ് ടെസ്റ്റ് മൊഡ്യൂൾ ബഹിരാകാശത്തേക്ക് വിക്ഷേപിക്കാൻ ഒരു മലയാളി വിദ്യാർത്ഥിക്ക് അവസരം ലഭിച്ചു.

കൊല്ലം, കടയ്ക്കൽ തുണ്ടുവിള വീട്ടിൽ ശ്രീലതയുടെ മകൻ സുവിൻ നായർക്കാണ് മലയാളികളിൽ മറ്റാർക്കും ലഭിക്കാത്ത അപൂർവനേട്ടം. ഐ.എസ്.ആർ.ഒയുടെ റോക്കറ്റ് ലോഞ്ചിംഗ് കരാറുള്ള ബംഗളൂരുവിലെ 'ടീം ഇന്റസ്' എന്ന സ്വകാര്യ കമ്പനി നടത്തിയ ലാബ് ടു മൂൺ ചലഞ്ചിൽ സുവിൻ നായരും മദ്ധ്യപ്രദേശിലെ വിശാൽസിംഗും ഉത്തർപ്രദേശിലെ റവ്നീത് കൗറും ഉൾപ്പെടുന്ന ടീം മൂന്നാം സ്ഥാനം നേടിയതോടെയാണ് ഈ നേട്ടം കൈവരിച്ചത്.

KAUMUDI SPECIAL


സുവിൻനായർ (വലത്) വിശാൽസിംഗിനും കൗറിനുമൊപ്പം

ഡെറാഡൂണിലെ യൂണിവേഴ്സിറ്റി ഒഫ് പെട്രോളിയം ആൻഡ് എൻജിനിയറിംഗ് സ്റ്റഡീസിലെ മൂന്നാംവർഷ ബി.ടെക് എയ്റോസ്പേസ് വിദ്യാർത്ഥിയാണ് സുവിൻ നായർ. ചന്ദ്രനിലെ പൊടിപടലങ്ങളുടെ കാന്തികശക്തിയുടെ മൂല്യം കണക്കാക്കി ഭൂമിയിലേക്ക് വിവരങ്ങൾ കൈമാറുന്ന സാറ്റലൈറ്റാണ് ഇവർ വികസിപ്പിച്ചത്.

'മൂൺ ഡസ്റ്റ് അക്യൂമിലേഷൻ അനലൈസർ' എന്നാണ് ടെസ്റ്റ് മൊഡ്യൂളിന്റെ പേര്. ഡിസംബർ 28ന് ശ്രീഹരിക്കോട്ടയിൽ നിന്ന് ടെസ്റ്റ് മൊഡ്യൂൾ വിക്ഷേപിക്കും. നാല് കോടി രൂപ ചെലവ് വരുന്ന റോക്കറ്റ് വിക്ഷേപണത്തിന് സ്വകാര്യ കമ്പനികളുടെ സഹായം പ്രതീക്ഷിച്ചിരിക്കുകയാണ് കോളേജ് അധികൃതർ. ഇറ്റലിയിൽ നിന്നെത്തിയ ടീമിനാണ് മൂൺ ചലഞ്ചിൽ ഒന്നാം സ്ഥാനം ലഭിച്ചത്. ഇംഗ്ലണ്ടിന് രണ്ടാംസ്ഥാനവും ലഭിച്ചു. ഏഴ് രാജ്യങ്ങളിൽ നിന്ന് മൂവായിരം ടീമുകളാണ് ബംഗളൂരുവിൽ മാർച്ച് 15 മുതൽ മൂന്ന് ദിവസം നീണ്ടുനിന്ന ലാബ് ടു മൂൺ ചലഞ്ചിൽ പങ്കെടുത്തത്.

## രണ്ടാം ചരമവാർഷികം
(21 March 2017)



ശ്രീ. ആർ. ഭരതൻ
സ്വയപ്രയത്നംകൊണ്ട് തന്റെ സ്വപ്നങ്ങളെ സാക്ഷാത്കരിച്ച വ്യക്തിക്കുമുൻപിൽ ഞങ്ങളുടെ പ്രണാമം!
ഭാര്യ: ജി. പൊന്നമ്മ,
മകൾ: ബി. ഇന്ദിരാ റാണി,
മരുമകൻ: Dr. എം. നരേന്ദ്രനാഥൻ,
ചെറുമകൾ: Dr. രോഷ്നി.